**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1237** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2021 മുതൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2021 മുതൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ **അനുബന്ധമായി** ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2021 മുതൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | ഘടകം/ വിവരണം |
|---|---|---|
| 1 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | കർഷക സഭ, ഞാറ്റുവേലച്ചന്ത<br>കാർഷിക വികസന സമിതി<br>ഫാം പ്ലാൻ<br>സോഷ്യൽ ഓഡിറ്റ് |
| 2 | വിള ആരോഗ്യ പരിപാലനം | കീട നിയന്ത്രണം<br>കീട നിയന്ത്രണം അവബോധ ക്യാമ്പുകൾ<br>മണ്ണ് പരിശോധന |
| 3 | ജൈവകൃഷിയും ഉത്തമ കൃഷി രീതികളും | ജൈവകൃഷി നടപ്പിലാക്കൽ<br>പയറുവർഗ വിത്തുകൾ നൽകൽ<br>ജൈവ വളം വിതരണം ചെയ്യൽ |
| 4 | ഗുണനിലവാര നിയന്ത്രണ പദ്ധതി | ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാര പരിശോധന |
| 5 | സുഗന്ധവിള വികസനം | കുരുമുളക് കൃഷി വ്യാപനം<br>ഇഞ്ചി കൃഷി വ്യാപനം<br>ജാതി കൃഷി വ്യാപനം |
| 6 | കൃഷിപാഠശാല | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ- കാർഷിക അഭിവൃദ്ധിക്കായി നൂതനസാങ്കേതിക വിദ്യകളെ കുറിച്ച് കർഷകർക്ക് വാർഡ് തല ക്യാമ്പയിനുകൾ,പരിശീലനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. |
| 7 | സമഗ്ര നെൽകൃഷി വികസനം | നെൽകൃഷി പ്രോത്സാഹനം<br>തരിശു ഭൂമി കൃഷി യോഗ്യമാക്കുക<br>പാടശേഖര സമിതികൾ ശക്തിപ്പെടുത്തുക |

| | | |
|---|---|---|
| 8 | സമഗ്ര പച്ചക്കറി വികസനം | കർഷകർക്ക് വിത്ത് പാക്കറ്റുകൾ, തൈകൾ നൽകൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി മറ്റു സംവിധാനങ്ങൾ ഒരുക്കൽ (പന്തൽ, പമ്പ് സെറ്റ്, മഴക്കുഴി നിർമ്മാണം.....) |
| 9 | ഒരുകോടി ഫലവൃക്ഷത്തൈ വിതരണം | വിവിധയിനം ഫലവൃക്ഷ തൈകൾ വിതരണം |
| 10 | ഓണ സമൃദ്ധി | വിവിധ കൃഷിഭവൻ കേന്ദ്രീകരിച്ച് ഓണച്ചന്തകൾ നടപ്പിലാക്കുക |
| 11 | നാളികേര വികസന പദ്ധതി | കേരഗ്രാമം പദ്ധതി<br>പയറുവർഗ വിത്തുകൾ നൽകൽ, ജൈവ പച്ചില വളം വിതരണം, തെങ്ങുകളുടെ ആരോഗ്യ പരിപാലനം |
| 12 | മണ്ണ് വേര് – ആരോഗ്യ പരിപാലനം | ജൈവ വളം, ജൈവ കീടനാശിനി വിതരണം<br>സൂക്ഷ്മ മൂലക വിതരണം |
| 13 | കാർഷിക ആസൂത്രണം | മണ്ണ് പരിശോധന<br>ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ |
| 14 | സംയോജിത കൃഷി രീതി | സംയോജിത കൃഷി |
| 15 | നൂതന കൃഷി രീതി | പോളി ഹൗസ് നിർമ്മാണം |
| 16 | കവുങ്ങ് കൃഷി കീട നിയന്ത്രണം | കീടനാശിനി വിതരണം |
| 17 | മാർക്കറ്റ് ഡെവലപ്മെന്റ് | എക്കോഷോപ്പ്, ഗ്രാമചന്ത |

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, അജാനൂർ, മടിക്കൈ, ബളാൽ, കള്ളാർ, കിനാനൂർ കരിന്തളം, കോടോംബേളൂർ, പനത്തടി എന്നീ കൃഷി ഭവനുകൾ ഉൾപ്പെടുന്നു. ജില്ലയിലെ കാർഷിക മേഖലയിലെ പ്രധാന പങ്ക് ഈ പഞ്ചായത്തുകൾ വഹിക്കുന്നു. നെല്ല്, കവുങ്ങ്, റബ്ബർ, തെങ്ങ്, കശുമാവ്, പച്ചക്കറികൾ, കിഴങ്ങ് വിളകൾ, സുഗന്ധവിളകൾ എന്നിവ ഏറ്റവും കൂടുതലായി കൃഷി ചെയ്ത് വരുന്നത് ഈ മേഖലയിലാണ്. സുഗന്ധ വിളകളും തോട്ടവിളകളും കിഴങ്ങ് വിളകളും വ്യാപകമായി കൃഷി

ചെയ്യുന്നതിനാൽ മൂല്യവർദ്ധനവിന് വളരെയേറെ സാധ്യതയുള്ള പ്രദേശമാണ്. കൂടാതെ പൂകൃഷിയുടെയും ഫലവർഗ്ഗങ്ങളുടെയും വിസ്തൃതി കൂടി വരുന്നതായി കാണപ്പെടുന്നു.

ഇതര കാർഷിക വികസന പദ്ധതികൾ

ഞങ്ങളും കൃഷിയിലേക്ക് - കൃഷിക്കൂട്ടം

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ഉൽപ്പാദന മേഖലയിൽ 111 കൃഷിക്കൂട്ടങ്ങളും മൂല്യവർദ്ധനവിൽ 15 കൃഷിക്കൂട്ടങ്ങളും സേവനമേഖലയിൽ നാലുമായി ആകെ 130 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.

ഓർഗാനിക്ക് ഫാമിംഗ് - ജൈവ കാർഷിക മിഷൻ- സർട്ടിഫിക്കേഷൻ- PGS സർട്ടിഫിക്കേഷൻ

2022-23 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 185 ഹെക്ടർ വിവിധ പദ്ധതികൾ നടപ്പിലാക്കി. വിവിധ പരിശീലന പരിപാടികൾ, പ്രദർശനത്തോട്ടങ്ങൾ. കൃഷിയിടസന്ദർശനങ്ങളും നടത്തുകയും ജൈവക്ലസ്റ്ററുകൾ രൂപീകരിക്കുകയും ചെയ്തു. ഈ മണ്ഡലത്തിൽ 298 കർഷകർക്ക് PGS സ്കോപ്പ് 1 സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

പോഷക സമൃദ്ധി മിഷൻ

2023-24 കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം 11400 പോഷകതോട്ടങ്ങൾ ജില്ലയിൽ രൂപീകരിച്ചിട്ടുണ്ട്.

എസ് എച്ച് എം

- Advanced plant health clinic at collage of Agriculture, Padannakkad

2021-22 വർഷത്തിൽ എസ് എച്ച് എം- എം ഐ ഡി എച്ച് പദ്ധതി പ്രകാരം 100 % സബ് സിഡിയോടുകൂടി 25 ലക്ഷം രൂപ ചിലവിൽ പടന്നക്കാട് കാർഷിക കോളേജിൽ നടപ്പിലാക്കിയ പദ്ധതിയാണ് Establishment of Advanced plant health clinic. വിളകളിലെ കീട രോഗബാധകൾ, പോഷക അപര്യാപ്തത എന്നിവ കണ്ടെത്താനും ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ തേടാനും, വടക്കൻ കേരളത്തിലെ കർഷകർക്ക് വളരെ പ്രയോജനകരമാണ് ഈ ക്ലിനിക്ക്. പ്രതിദിനം 50 ഓളം സാമ്പിളുകൾ പരിശോധിക്കുവാനുള്ള അത്യാധുനിക സൗകര്യങ്ങൾ ഈ ക്ലിനിക്കിൽ കർഷകർക്ക് ലഭ്യമാണ്.

- <u>സംസ്കരണ യൂണിറ്റുകൾ</u>

SHM – MIDH പദ്ധതി പ്രകാരം കോടോം ബേളൂർ പഞ്ചായത്തിലെ ഉദയപുരത്ത് ഗ്രാമലക്ഷ്മി കുരുമുളക് പ്രോസസ്സിംഗ് യൂണിറ്റ് 10 ലക്ഷം രൂപ എസ് എച്ച് എം സബ്സിഡിയോടുകൂടി ആരംഭിച്ചു. പഞ്ചായത്തിലെയും പരിസര പ്രദേശങ്ങളിലേയും കർഷകരിൽ നിന്നും കുരുമുളക് ശേഖരിച്ച്, സംസ്കരിച്ച് 'കോടോം ബ്ലാക്ക് പെപ്പർ' എന്ന ബ്രാൻഡ് നെയിമോടുകൂടി വിൽപ്പന നടത്തുകയാണ് ഈ യൂണിറ്റ് കൂടാതെ മഞ്ഞൾ, മുളക് തുടങ്ങിയവയും ഈ യൂണിറ്റിൽ പ്രോസസ്സ് ചെയ്യുന്നുണ്ട്.

പനത്തടി കൃഷി ഭവന് കീഴിൽ എസ് എച്ച് എം, എം ഐ ഡി എച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ ചിലവിൽ നിർമ്മിച്ച തേനും അനുബന്ധ ഉൽപ്പന്നങ്ങൾക്കുമുള്ള പാക്ക് ഹൌസിന് 2 ലക്ഷം രൂപ ധനസഹായം നൽകുകയുണ്ടായി. പ്രസ്തുത പാക്ക് ഹൌസ് യൂണിറ്റ് മികച്ച തേൻ ഉൽപ്പാദകർക്കുള്ള സംസ്ഥാന അവാർഡ് ജേതാവായ ശ്രീമതി.ഏലിയാമ്മ ഫിലിപ്പിന് നൽകുകയും നല്ല രീതിയിൽ പ്രവർത്തിപ്പിച്ചു വരികയും ചെയ്യുന്നു. ബളാൽ കൃഷി ഭവന്റെ കീഴിൽ കൂൺ കൃഷിക്കായി അനുവദിച്ച പാക്ക് ഹൌസ് എസ് എച്ച് എം , എം ഐ ഡി എച്ച് പദ്ധതിയിൽ നടത്തി വരുന്നു.

<u>ഫ്രൂട്ട് ക്ലസ്റ്റർ</u>

ജില്ലയിൽ ആകെ 7 ക്ലസ്റ്ററുകൾ അനുവദിച്ചിട്ടുണ്ട്. 12.21613 ലക്ഷം രൂപയാണ് പദ്ധതി തുക, വാഴ, റമ്പൂട്ടാൻ, പ്ലാവ്, മാവ് എന്നീ വിളകളുടെ ക്ലസ്റ്റർ ആണ് ജില്ലയിൽ നടപ്പിലാക്കുന്നത്.

<u>ഫ്ലോറി വില്ലേജ്</u> – വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലോറി വില്ലേജ് പരപ്പ ബ്ലോക്കിലെ കോടോം ബേളൂർ കൃഷി ഭവനിൽ 25 കർഷകർക്കായി ഓർക്കിഡ് ആന്തൂറിയം നടീൽ വസ്തുക്കളും മറ്റ് കൃഷി ചെലവുകളും നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. 5.925 ലക്ഷം രൂപയാണ് പദ്ധതി ചിലവ്

<u>എഫ് പി ഒ</u>

കാർഷിക മേഖലയിൽ 4 ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ രൂപീകരിച്ച് വിജയകരമായി പ്രവർത്തിച്ച് വരുന്നു. ഗ്രാമലക്ഷ്മി എഫ് പി. ഒ 507 ഷെയർ ഹോൾഡേഴ്സ് ഉള്ള 20 സെന്റ് സ്വന്തം സ്ഥലത്തിൽ വിവിധ സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കുരുമുളക്,

വെളിച്ചെണ്ണ, വിവിധ സുഗന്ധ വിളകൾ എന്നിവയാണ് പ്രധാനമായും കൈകാര്യം ചെയ്യുന്നത്. കൃഷി വകുപ്പിൽ നിന്ന് 2024-25 ൽ 25 ലക്ഷം രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്.

ചെറുധാന്യകൃഷി-

2022-2023, 2025-2026 കാലയളവിൽ വിവിധ ചെറുധാന്യങ്ങളായ കുവരക്, തിന, ബജ്റ എന്നിവ 24 ഹെക്ടറുകളിൽ കൃഷി ചെയ്യുന്നു.

ഫാം പ്ലാൻ -

2022-2023, 2025-2026 കാലയളവിൽ 315 വ്യത്യസ്തങ്ങളായ ഫാം പ്ലാനുകൾ കർഷകരുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വരുമാനം ഇരട്ടിപ്പിക്കുന്നതിനുമായി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനതല അവാർഡുകൾ

2021- മികച്ച യുവകർഷകന് ബളാൽ കൃഷി ഭവനിലെ ശ്രീ.മനുജോയ്ക്ക് ലഭിച്ചിട്ടുണ്ട്.

2021 - മികച്ച തേനീച്ച കർഷകൻ ശ്രീമതി ഏലിയാമ്മ, കൃഷി ഭവൻ ബളാൽ

2024 - മികച്ച പൊതുമേഖല സ്ഥാപനം കേരള ക്ലെയ്സ് & സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡ് ( KCCP Ltd ) കരിന്തളത്തിന് ലഭിച്ചു.

വിള ഇൻഷുറൻസ്

2021 മുതൽ 2026 വരെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം 102 കർഷകർക്കായി 862000/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

പച്ചക്കറി വികസന പദ്ധതി

2021 മുതൽ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ മഴമറ ഘടകത്തിൽ 40 എണ്ണം മഴമറയും, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി എന്ന ഘടകത്തിൽ 11 എണ്ണവും , വീട്ട് വളപ്പിലെ പച്ചക്കറി കൃഷിക്ക് 2 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റും, 7.26 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു.

വിള ആരോഗ്യ പരിപാലന പദ്ധതി

വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ, മടിക്കൈ, കള്ളാർ, കോടോം ബേളൂർ,കൃഷി ഭവനുകളിൽ ഒരോ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് വീതം പ്രവർത്തിക്കുന്നുണ്ട്.

കീടരോഗബാധയും നിയന്ത്രണ പ്രവർത്തനങ്ങളും

2022-23 വർഷത്തിൽ കവുങ്ങ് കൃഷിയിൽ ബാധിച്ച ഇലപ്പുള്ളി രോഗവും, ഇലകരിച്ചിൽ

രോഗവും നേരിടുന്നതിനായി MDDT വിദഗ്ധ സംഘം നൽകിയ റിപ്പോർട്ട് പ്രകാരം കൃഷി ഡയറക്ടർക്ക് വിശദമായ പ്രൊജക്ട് സമർപ്പിക്കുകയും നിർവ്വഹണത്തിനായി പരപ്പ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന് 4,40000/-രൂപ (നാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ) രോഗ നിയന്ത്രണത്തിനായി വിനിയോഗിച്ചിട്ടുണ്ട്.

<u>വിപണി സംവിധാനങ്ങൾ</u>

കാഞ്ഞങ്ങാട് അനുവദിച്ച 8 എക്കോഷോപ്പുകൾ, 5 എ ഗ്രേഡ് ക്ലസ്റ്റർ, 7 ആഴ്ച ചന്തകൾ, 2 അർബൻ മാർക്കറ്റുകൾ, നാളിതുവരെ കർഷകർക്കും ഉപഭോക്താക്കൾക്കും ഗുണകരമായി പ്രവർത്തിച്ച് വരുന്നു.